ടെണ്ടർ നമ്പർ.............

milma

എറണാകുളംമേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ക്ലിപ്തം -

തൃശ്ശൂർഡെയറി രാമവർമ്മപുരം

(ഐ.എസ്.ഒ 9001:2008 സർട്ടിഫൈഡ് കമ്പനി)

........................................................................................................................................

# ടെണ്ടർ 2023-24

2023 - 24 കാലയളവിൽ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ എം.ജി റോഡിൽ പ്രവർത്തിക്കുന്ന മിൽമ പാർലർ കം റെസ്റ്റോറന്റിന്റെ നടത്തിപ്പിനുള്ള ടെണ്ടറിന്റെ നിബന്ധനങ്ങൾ, ടെണ്ടർ രേഖപ്പെടുത്തുന്നതിനുള്ള ഫോം.

---

ടെണ്ടറുടെപേര്:..........................................

വിലാസം...................................................

..........................................................................

ഫോൺ നമ്പർ

---

ഒപ്പ്

........................................................................................................................................

milma

എറണാകുളം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ക്ലിപ്തം-
തൃശ്ശൂർഡെയറി, രാമവർമ്മപുരം
(ഐ.എസ്.ഒ 9001:2008 സർട്ടിഫൈഡ് കമ്പനി)

RD/MKTG/DP/2023-24 /809 12-07-2023

# ടെണ്ടർ നോട്ടീസ്

മിൽമ- എറണാകുളം മേഖല യൂണിയന്റെ കീഴിലുള്ള തൃശ്ശൂർ ഡെയറിയുടെ നിയന്ത്രണത്തിലുള്ള തൃശ്ശൂർ എം.ജി റോഡിൽ പ്രവർത്തിക്കുന്ന മിൽമ പാർലർ കം റെസ്റ്റോറന്റിന്റെ നടത്തിപ്പ് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാൻ അനുയോജ്യരായ കരാറുകാരിൽ നിന്ന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകളും, വ്യവസ്ഥകളും

1. തിരഞ്ഞെടുത്ത വ്യക്തിക്ക്/സ്ഥാപനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് മിൽമ ഡീലർഷിപ്പ് അനുവദിച്ച് നൽകുന്നതായിരിക്കും.
2. കരാർ ലഭിക്കുന്നവർ എറണാകുളം മേഖല യൂണിയനിൽ 90 രൂപയുടെ നാമമാത്ര അംഗത്വം എടുത്തിരിക്കേണ്ടതാണ്. നിലവിൽ അംഗത്വം ലഭിച്ചവർ വീണ്ടും അംഗത്വം എടുക്കേണ്ടതില്ല.
3. ഡെയറിയുടെ ഉടമസ്ഥതയിലുള്ള പാർലർ മിൽമ നിശ്ചയിക്കുന്ന സമയത്തിനനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. തുടക്കത്തിൽ പാർലർ 5.00am മുതൽ 12.00am വരെ പ്രവർത്തിക്കേണ്ടതാണ്. ഞായറാഴ്ചകളും അവധി ദിവസങ്ങളും ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും പാർലർ കരാറുകാരന്റെ ജീവനക്കാരെ വച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്.

ടെണ്ടറുടെപേര്:
ഒപ്പ്:

4. കരാറുകാരൻ തൃശ്ശൂർ ഡെയറി മാനേജരുമായി (200 രൂപ വിലമതിക്കുന്ന നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പർ) നിർദിഷ്ട മാതൃക കരാറിൽ ഏർപ്പെടേണ്ടതാണ്. കരാറുകാരൻ ഡെയറിയിൽ Rs. 1,00,000/- രൂപയുടെ പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കേണ്ടതാണ്. കരാറിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാൻ കരാർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ബാധ്യസ്ഥരായിരിക്കും.
5. മിൽമയുടെ വിവിധ തരം പാലും/പാലുൽപന്നങ്ങളും ഡെയറി/ Ercmpu Ltd നിശ്ചയിക്കുന്ന വിലയ്ക്ക് വിൽക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
6. പ്രസ്തുത ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾക്ക് കരാർ ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ അവർ നിക്ഷേപിച്ചിരിക്കുന്ന നിരതദ്രവ്യം ടെണ്ടർ നടപടികൾ കഴിഞ്ഞതിനു ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ(മിനിമം 3 മാസം).
7. കരാറുകാരൻ പാലും/പാലുൽപന്നങ്ങളും ഡെയറി നിശ്ചയിക്കുന്ന MRP വിലയേക്കാൾ കൂടുതൽ വിലയ്ക്ക് വിൽക്കുവാൻ പാടുള്ളതല്ല.
8. പാൽ, തൈര്, സംഭാരം, കട്ടിമോര് എന്നിവ ഒഴികെയുള്ള മിൽമ ഉൽപന്നങ്ങൾ Whole sale rate ൽ കരാറുകാരന് നൽകുന്നതാണ്. പാൽ, തൈര്, സംഭാരം, കട്ടിമോര് എന്നിവ ഡീലർ നിരക്കിൽ വിതരണം ചെയ്യുന്നതാണ്.
9. കരാറുകാരന്റെ ഇൻഡന്റ് അനുസരിച്ചുള്ള പാലും പാലുൽപന്നങ്ങളും ഡെസ്പാച്ച് ഷെഡ്യൂൾ അനുസരിച്ച് ഡെയറിയിൽ നിന്ന് ക്രമീകരിക്കുന്നതാണ്.
10. ഒരിക്കൽ വിൽപ്പന നടത്തിയ പാലും പാലുൽപന്നങ്ങളും തക്കതായ കാരണങ്ങളില്ലാതെ ഡെയറിയിലേക്ക് തിരിച്ചെടുക്കുന്നതല്ല.
11. ഡീലർ വിൽപ്പനക്കായി എടുക്കുന്ന പാലിന്റെയും/പാലുൽപ്പന്നങ്ങളുടേയും മുഴുവൻ തുകയും ഡെയറിയിൽ/ഡെയറി നിർദേശിക്കുന്ന ബാങ്ക് എക്കൗണ്ടിൽ മുൻകൂറായി/വിതരണ സമയത്ത് അടക്കേണ്ടതാ

ടെണ്ടറുടെപേര്:
ഒപ്പ്:

ണ്. ഏതെങ്കിലും കാരണവശാൽ പൈസ അടക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ നിയമ നടപടിയിലേക്ക് ഡെയറി നീങ്ങുന്നതാണ്.

12. കരാർ കാലാവധി പാർലറിന്റെ പ്രവർത്തനം ആരംഭിച്ച് 12 മാസത്തേക്കായിരിക്കും. പാർലറിന്റെ ഒരു വർഷത്തെ പ്രവർത്തന മികവു വിലയിരുത്തി അടിസ്ഥാന നിരക്കിൽ 10 ശതമാനം വർദ്ധനവോടുകൂടി തുടർന്ന് ഒരു വർഷത്തേക്കും, തൻ വർഷത്തെ അടിസ്ഥാന നിരക്കിൽ 10 ശതമാനം വർദ്ധനവോടുകൂടി വീണ്ടും തുടർന്ന് ഒരു വർഷത്തേക്കും കൂടി കരാർ ദീർഘിപ്പിച്ച് പരമാവധി 3 വർഷത്തേക്കായി നൽകുവാൻ തൃശ്ശൂർ ഡെയറി മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

13. പ്രസ്തുത പാർലറിൽ പാലും പാൽ ഉൽപന്നങ്ങളും വിൽപനയോടൊപ്പം മൂല്യവർദ്ധിത ഉൽപന്നങ്ങളും നോർത്ത് ഇന്ത്യൻ, സൗത്ത് ഇന്ത്യൻ, കൺഫക്ഷണറി വിഭവങ്ങളും ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന റെസ്റ്റോറന്റ് സൗകര്യത്തോടുകൂടിയുള്ള നടത്തിപ്പിന് കൂടിയായിട്ടാണ് മേൽപ്പറഞ്ഞ വാടക നിശ്ചയിച്ച് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

14. യാതൊരു കാരണവും കൂടാതെ കരാർ അവസാനിപ്പിക്കുവാനുള്ള അധികാരം ഡെയറി മാനേജർക്ക്/യൂണിയന് ഉണ്ടായിരിക്കുന്നതാണ്. ഡെയറിയുടെ പ്രസ്തുത തീരുമാനങ്ങൾ കരാറുകാരൻ അംഗീകരിക്കേണ്ടതുമാണ്. ഇത്തരം സാഹചര്യത്തിൽ ഡെയറി സ്റ്റോക്ക് ആയി നൽകിയ ഫ്രീസർ, കൂളർ അടക്കമുള്ള എല്ലാ വസ്തുക്കളും കേടുപാടുകൾ കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ ഏൽപിക്കേണ്ടതും കെട്ടിടം ഒഴിഞ്ഞ് നൽകേണ്ടതും ആണ്.

15. പാർലറിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഫ്രീസർ, കൂളർ എന്നിവ സൗജന്യ നിരക്കിൽ കരാറുകാരന് നൽകുന്നതാണ്. പാർലറിന്റെ പ്രവർത്തനത്തിനു വേണ്ടി വരുന്ന മറ്റു ഉപകരണങ്ങൾ/ വസ്തുക്കൾ എന്നിവ ഡെയറിയുടെ നിർദ്ദേശ പ്രകാരം കരാറുകാരൻ സ്വന്തം നിലയിൽ വാങ്ങേണ്ടതാണ്.

ടെണ്ടറുടെപേര്:

ഒപ്പ്:

16. പാർലറിന്റെയും പരിസരത്തിന്റെയും മറ്റു ഉപകരണ ങ്ങളുടെയും സുരക്ഷ കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്. ഡെയറി കരാറുകാരനെ ഏൽപ്പിച്ച ഏതെങ്കിലും വസ്തു വകകൾക്ക് ഏതെങ്കിലും തരത്തിലുള്ള കേടുപാടുകളോ, നഷ്ടമോ സംഭവിച്ചാൽ പ്രസ്തുത നഷ്ടത്തിന്റെ തുക ഡെയറി കണക്കാക്കുന്നതും, ഈ തുക കരാറുകാരന്റെ സെക്യൂ രിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതുമാണ്.
17. ഡെയറി കാലാകാലങ്ങളിൽ നൽകുന്ന എല്ലാ നിർദേശങ്ങളും നിയമ ങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
18. മിൽമയുടെ സൽപേരിന് കളങ്കം വരുത്തുന്ന രീതിയിലുള്ള യാതൊരു പ്രവർത്തനങ്ങളും കരാറുകാരന്റെ ഭാഗത്തു നിന്ന് ഉണ്ടാകുവാൻ പാടുള്ളതല്ല. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കരാർ റദ്ദു ചെയ്യുന്നതടക്കമുള്ള നിയമ നടപടികളിലേക്ക് ഡെയറി നീങ്ങുന്നതായി രിക്കും.
19. കരാർ ലംഘനം മൂലമുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും, അപകട ങ്ങൾക്കും, നിയമ പരമായ ബാധ്യതകൾക്കും കരാറുകാരൻ ബാധ്യസ്ഥ നായിരിക്കും. കരാർ ഏറ്റെടുക്കുന്ന വ്യക്തി മിൽമയിലെ ജീവനക്കാരനാ യിരിക്കുവാൻ പാടുള്ളതല്ല. കരാറുകാരനും/കരാറുകാരന്റെ തൊഴിലാ ളിയും മിൽമയും തമ്മിൽ യാതൊരുവിധ തൊഴിലാളി-തൊഴിലുടമ ബന്ധവും ഉണ്ടായിരിക്കുന്നതല്ല. കരാറുകാരൻ നിയമിക്കുന്ന ജീവന ക്കാരന്റെ സഭ്വാവ ശുദ്ധി, സത്യസന്ധത എന്നിവ ഉറപ്പു വരുത്തേണ്ടതാ ണ്. കരാറുകാരനും, ജീവനക്കാരനും ഉപഭോക്താക്കളോട് മര്യാദ പൂർവ്വം പെരുമാറേണ്ടതാണ്. കരാറുകാരന്റെയോ ജീവനക്കാരുടെയോ ഭാഗത്തു നിന്നുണ്ടായ മോശം പെരുമാറ്റം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചാൽ അതിനു തക്കതായ നടപടികൾ എടുക്കുവാൻ ഡെയറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
20. കരാറുകാരൻ താഴെ പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കേണ്ടതാണ്.
    i) കരാറുകാരൻ പാർലറും, പരിസരവും വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ടതാണ്.

ടെണ്ടറുടെപേര്:
ഒപ്പ്:

ii) വാട്ടർ ചാർജ്ജ്, ക്ലീനിങ്ങ് ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവ കരാറുകാരൻ സ്വന്തം നിലയിൽ വഹിക്കേണ്ടതാണ്.

iii) പാർലറിലെ മാലിന്യ നിർമാർജ്ജനം കരാറുകാരൻ സ്വന്തം ഉത്തര വാദിത്വത്തിൽ ചെയ്യേണ്ടതും, പാർലർ പരിസരം ശുചിയായി സൂക്ഷി ക്കേണ്ടതുമാണ്.

iv) കരാറുകാരൻ പാർലറിലോ/ പരിസരത്തോ സാമൂഹ്യ വിരുദ്ധ പ്രവ ർത്തനങ്ങളും, അനാവശ്യമായ കൂട്ടം കൂടലുകളും (ബിസിനസ് ആവശ്യത്തിന് ഒഴികെ) നടത്തുവാൻ പാടുള്ളതല്ല.

v) കരാറുകാരൻ പാലും പാലുൽപന്നങ്ങളും ഡെയറിയുടെ നിർദ്ദേശ പ്രകാരം വൃത്തിയായും ഉൽപന്നങ്ങൾക്ക് ആവശ്യമായ താപനില യിലും സൂക്ഷിക്കേണ്ടതാണ്.

vi) മിൽമയുടെ പാലും/ പാലുൽപ്പന്നങ്ങളും കൂടാതെ മറ്റു ബ്രാൻഡി ലുള്ള സമാന ഉൽപന്നങ്ങൾ പാർലറിൽ വച്ച് വിൽപന നടത്തുവാൻ പാടുള്ളതല്ല. ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽ പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദു ചെയ്യുന്നതാണ്.

21. ഡെയറി കരാറുകാരനു നൽകുന്ന നിർദ്ദേശങ്ങളും കത്തുകളും നേരിട്ടോ അല്ലെങ്കിൽ തപാൽ മുഖേനയോ ഡെയറിയിൽ നൽകിയി ട്ടുള്ള വിലാസത്തിൽ അറിയിക്കുന്നതാണ്.

22. ഡെയറിയുടെ സമ്മതപ്രകാരമല്ലാതെ കരാർ മറ്റൊരു വ്യക്തിക്ക് കൈമാറാൻ പാടുള്ളതല്ല. എന്തെങ്കിലും കാരണവശാൽ കരാറുകാരന് കരാർ അവസാനിപ്പിക്കണമെങ്കിൽ 3 മാസത്തെ മുൻകൂർ നോട്ടീസ് ഡെയറിക്ക് നൽകേണ്ടതാണ്.

23. മിൽമ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ഏതു സമയത്തും പാർലറും പരിസരവും പരിശോധിക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുന്ന താണ്. ആയതിനോട് കരാറുകാരൻ പൂർണ്ണമായും സഹകരിക്കേണ്ട താണ്. റെസ്റ്റോറന്റ് കം പാർലറിന്റെ നടത്തിപ്പ് മിൽമ നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കും.

ടെണ്ടറുടെപേര്:

ഒപ്പ്:

24. കരാർ കാലയളവിൽ മിൽമ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധനവ് കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്. ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധനവ് നേടിയെടുക്കാത്ത സാഹചര്യത്തിൽ ഡെയറി കരാർ റദ്ദ് ചെയ്യുന്നതാണ്.
25. കരാറുകാരൻ ഗവൺമെന്റ് കാലാകാലങ്ങളിൽ അനുശാസിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കേണ്ടതും FSSAI, മുനിസിപ്പൽ ലൈസൻസുകൾ എടുക്കേണ്ടതുമാണ്.
26. കരാറുകാരന് മിൽമ വിപണിയിൽ ഇറക്കുന്ന പാലിന്റെയും/ പാലുൽപന്നങ്ങളുടെയും പൂർണ്ണമായ അറിവ് ഉണ്ടായിരിക്കേണ്ടതാണ്. ഭക്ഷ്യ സുരക്ഷാ നിയമമനുസരിച്ച് എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടായിരിക്കണം ഉൽപ്പന്നങ്ങളുടെ വിൽപ്പന നടത്തേണ്ടത്.
27. കരാറുകാരന്റെ പ്രവർത്തിമൂലം ഏതെങ്കിലും ഉപഭോക്താക്കൾക്ക് ധന നഷ്ടമോ, മാനഹാനിയോ സംഭവിച്ചാൽ പ്രസ്തുത നടപടിക്ക് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
28. മിൽമയുടെ ബ്രാൻഡ്/ എംബ്ലത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽ പെട്ടാൽ കോൺട്രാക്ട് റദ്ദു ചെയ്യുന്നതും, തൻമൂലം ഉണ്ടായ കഷ്ട നഷ്ടങ്ങൾ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമാണ്. ഇത്തരം നഷ്ടങ്ങളുടെ മൂല്യം സെക്യൂരിറ്റി ഡെപ്പോസിറ്റിനേക്കാൾ അധികരിച്ചു വന്നാൽ പ്രസ്തുത തുക സിവിൽ/ ക്രിമിനൽ നടപടി വഴി നിയമപരമായി തിരിച്ചു പിടിക്കുന്നതാണ്.
29. പാർലറിന്റെ നടത്തിപ്പിനായി അനുവദിച്ചു നൽകിയിരിക്കുന്ന സ്ഥലം കരാറുകാരൻ മറ്റ് യാതൊരു വിധ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കാൻ പാടുള്ളതല്ല.
30. പാർലറോ അതിന്റെ പരിസരങ്ങളോ താമസത്തിനുവേണ്ടി ഉപയോഗിക്കുവാൻ പാടുള്ളതല്ല.
31. കരാറുകാരൻ പാർലറിൽ വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ വില വിവര പട്ടിക പ്രദർശിപ്പിക്കേണ്ടതാണ്.

ടെണ്ടറുടെപേര്:

ഒപ്പ്:

32. കരാറുകാരൻ പാർലറിലോ പാർലർ പരിസരങ്ങളിലോ സ്ഫോടന വസ്തുക്കളോ, ലഹരി വസ്തുക്കളോ (നിരോധിത ലഹരി ഉൽപ്പന്ന ങ്ങൾ) സൂക്ഷിക്കുവാനോ വിൽപ്പന നടത്തുവാനോ പാടുള്ളതല്ല. ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽ പെട്ടാൽ ഡെയറി നിയമ നടപടികളി ലേക്ക് നീങ്ങുന്നതാണ്.
33. പൊതു ജനങ്ങൾക്ക് ഉപദ്രവകരമായ യാതൊരു പ്രവർത്തിയും പാർലർ നടത്തിപ്പുമായി ബന്ധപ്പെട്ട് കരാറുകാരന്റെയോ/ ജീവനക്കാരന്റെയോ ഭാഗത്തു നിന്ന് ഉണ്ടാകാൻ പാടുള്ളതല്ല.
34. പാർലറിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകുന്ന മാലിന്യങ്ങൾ നിയമ പരമായ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നിർമാർജ്ജനം ചെയ്യേണ്ടതാണ്. മാലിന്യം/ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാൻ പാടുള്ളതല്ല.
35. കരാറുകാരൻ കരാർ കാലാവധി പൂർത്തീകരിക്കുമ്പോൾ ഡെയറി നൽകിയ എല്ലാ വസ്തുക്കളും തിരിച്ച് ഡെയറിയെ ഏൽപ്പിക്കേണ്ടതാ ണ്.
36. കരാറുകാരൻ മിൽമയുടേതല്ലാത്ത മറ്റു ബ്രാൻഡുകളുടെ പാലും/പാലുൽപന്നങ്ങളും പാർലറിൽ വിൽപ്പന നടത്തുവാൻ പാടുള്ള തല്ല. പാർലറിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ വിവരം ഡെയറിയെ അറിയിക്കേണ്ടതും അനുവാദം വാങ്ങേണ്ടതുമാണ്.
37. ടെണ്ടർ ഫോമിലെ എല്ലാ നിബന്ധനകളും കരാറിന്റെ ഭാഗമായിരിക്കും.
38. ഗവൺമെന്റ് അനുശാസിക്കുന്ന ESI/PF കരാറുകാരൻ തന്റെ ജീവനക്കാ രുടെ പേരിൽ അടക്കേണ്ടതാണ്.
39. കരാറുകാരൻ/ ജീവനക്കാരൻ കരാർ ലഭിക്കുന്ന പക്ഷം മെഡിക്കൽ സർട്ടിഫിക്കറ്റ്/ ഹെൽത്ത് കാർഡ് ഡെയറി മാനേജർ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്.
40. പാർലർ റെസ്റ്റോറന്റ് മാതൃകയിൽ സജ്ജീകരിക്കുന്നതാൽ ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കുവാനായി ഉപയോഗിക്കുന്ന ചേരുവകൾ ഗുണ

ടെണ്ടറുടെപേര്:

ഒപ്പ്:

മേൻമയുള്ളതും മായം കലരാത്തതും ആയിരിക്കണം. ഉപയോഗിക്കുന്ന ചേരുവകൾ ഏതു ബ്രാൻഡിന്റെ ആണെന്ന് ഡെയറിയെ അറിയിക്കേണ്ടതും, ആയത് ഉപയോഗിക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

41. റെസ്റ്റോറന്റിൽ വിവിധ തരത്തിലുള്ള നോർത്ത് ഇന്ത്യൻ/ സൗത്ത് ഇന്ത്യൻ വിഭവങ്ങൾ( വിവിധ തരം ദോശകൾ, വടാപാവ്, പാവ് ബജി, സ്നാക്ക്സ്, ഇഡലി, പുട്ട്, ചപ്പാത്തി, ഊത്തപ്പം, പാനിപൂരി, ബേൽപൂരി etc.) പാനീയങ്ങളായ ( ചായ, കാപ്പി, ഷെയ്ക്ക്, പാൽ സർബത്ത്, ബദാം മിൽക്ക്, ബൂസ്റ്റ്, ഹോർലിക്സ് etc.) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.കൂടാതെ ഡയറി കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റു വിഭവങ്ങൾ കൂടി വിൽപ്പനക്കായി ഉൾപ്പെടുത്തേണ്ടതാണ്.

42. മിൽമ നിർദ്ദേശിക്കുന്ന യൂണിഫോം കരാറുകാരൻ/ ജീവനക്കാർ ഡ്യൂട്ടി സമയത്ത് ധരിക്കേണ്ടതാണ്. ജീവനക്കാർ ഗ്ലൗസ്, തൊപ്പി എന്നിവ പാചകം ചെയ്യുമ്പോഴും ധരിക്കേണ്ടതാണ്.

43. റെസ്റ്റോറന്റിൽ ഭക്ഷണ വിതരണത്തിന് ഉപയോഗിക്കുന്ന പ്ലേറ്റ്, ഗ്ലാസ് എന്നിവയിൽ മിൽമയുടെ പേരും ചിഹ്നവും ഉണ്ടായിരിക്കേണ്ടതാണ്.

44. റെസ്റ്റോറന്റിൽ ഭക്ഷണം പാകം ചെയ്യുന്നവരും വിതരണം ചെയ്യുന്ന വരും വ്യക്തി ശുചിത്വം പാലിക്കേണ്ടതാണ്.

45. പഴകിയ ഭക്ഷണ പദാർത്ഥങ്ങളും മായം കലർന്ന ഭക്ഷണ പദാർത്ഥ ങ്ങളും റെസ്റ്റോറന്റിൽ സ്റ്റോക്ക് ചെയ്യുവാനോ വിൽക്കുവാനോ പാടു ള്ളതല്ല.

46. റെസ്റ്റോറന്റിൽ നിന്ന് നൽകുന്ന ഭക്ഷണത്തിന്റെ ഗുണമേൻമ കരാറു കാരൻ ഉറപ്പുവരുത്തേണ്ടതാണ്. ഗുണമേൻമയിലുണ്ടാകുന്ന വീഴ്ച മൂലം ഏതെങ്കിലും ഉപഭോക്താക്കൾക്ക് ആരോഗ്യപരമായോ/ സാമ്പത്തി കമായോ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തര വാദിത്വം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

47. റെസ്റ്റോറന്റും, അടുക്കളയും, പരിസരവും, വൃത്തിയാക്കി വെക്കേണ്ടതാ ണ്. റെസ്റ്റോറന്റിൽ ഭക്ഷണം തയ്യാറാക്കുന്നത് പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിലായിരിക്കണം. പാഴ്സൽ സൗകര്യം ഏർപ്പെടു

ടെണ്ടറുടെപേര്:

ഒപ്പ്:

ത്തുന്ന സാഹചര്യത്തിൽ അതിനായി ഉപയോഗിക്കുന്ന പാത്രങ്ങളും, കവറുകളും ഗവൺമെന്റ് അനുശാസിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളതായിരിക്കണം.

48.പാചകത്തിന് ഉപയോഗിക്കുന്ന വെള്ളം ശുദ്ധി ചെയ്തിട്ടുള്ളതായിരിക്കണം.

49.കരാർ പങ്കെടുക്കുന്ന വ്യക്തിക്ക് റെസ്റ്റോറന്റ് നടത്തി മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്. ആയത് തെളിക്കുന്നതിനുള്ള രേഖ ടെണ്ടറിന് ഒപ്പം സമർപ്പിക്കേണ്ടതാണ്. കരാർ ലഭിക്കുന്ന പക്ഷം FSSAI ലൈസൻസ് നിർബന്ധമായും എടുക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും കരാറുകാരൻ പാലിക്കേണ്ടതാണ്.

50.കരാറുകാരൻ പാർലറിൽ നിയോഗിക്കുന്ന ജീവനക്കാരുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് കരാർ ലഭിക്കുന്ന പക്ഷം നിർദ്ധിഷ്ഠ സമയത്തിനുള്ളിൽ ഡെയറിയിൽ ഹാജരാക്കേണ്ടതാണ്.

51. ടെണ്ടറുകൾ മത്സരാടിസ്ഥാനത്തിൽ ഉള്ളവയായിരിക്കും. അപൂർണ്ണമായ ടെണ്ടറുകൾ, വൈകി വരുന്ന ടെണ്ടറുകൾ എന്നിവ നിരസിക്കപ്പെടുന്നതായിരിക്കും. മിനിമം മൂന്ന് സാധുവായ ടെണ്ടറുകളെങ്കിലും ലഭിക്കാത്ത പക്ഷം ടെണ്ടർ നടപടികൾ റദ്ദു ചെയ്യുവാൻ ഡെയറിക്ക് അധികാരം ഉണ്ടായിരിക്കുന്നതായിരിക്കും.

52.ടെണ്ടറുകൾ സമർപ്പിക്കുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ കോപ്പി ടെണ്ടറിനോപ്പം സമർപ്പിക്കേണ്ടതാണ്.

53.ടെണ്ടർ നോട്ടീസിലെയും ടെണ്ടർ ഫോമിലേയും എല്ലാ വ്യവസ്ഥകളും കരാറിന്റെ ഭാഗമായിരിക്കും.

54.ടെണ്ടർ നിരക്കുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ടതാണ്.

55.ടെണ്ടർ നിരക്കായി കാണിക്കേണ്ടത് 1 മാസത്തെ വാടക തുകയാണ് (GST ഉൾപ്പെടെ). പ്രതിമാസ വാടകയായി രേഖപ്പെടുത്തേണ്ട മിനിമം തുക Rs.60,000 രൂപയാണ്. ഏറ്റവും കൂടിയ വാടക തുകയാണ് ടെണ്ടർ ഉറപ്പിച്ച് നൽകുവാൻ മാനദണ്ഡമായി പരിഗണിക്കുന്നത്.

ടെണ്ടറുടെപേര്:

ഒപ്പ്:

ക്ടറുടേതായിരിക്കും. യാതൊരു വിശദീകരണവും കൂടാതെ ഏതു ടെണ്ടറുകളും നിരസിക്കുന്നതിനും നെഗോഷിയേറ്റ് ചെയ്ത നിരക്ക് അംഗീകരിക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതാണ്. കൂടിയ നിരക്ക് രേഖപ്പെടുത്തിയതുകൊണ്ട് മാത്രം കരാർ ഉറപ്പിച്ച് നൽകണമെന്ന് യാതൊരു നിബന്ധനയും ഇല്ല.

57. ടെണ്ടറിനോടൊപ്പം Rs.5,000/- നിരതദ്രവ്യം ആയി അടക്കേണ്ടതാണ്. നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ് ആയോ ഡെയറിയിൽ ക്യാഷ് ആയോ അടക്കാവുന്നതാണ്. EMD അടച്ചതിന്റെ രസീത് /ഒറിജിനൽ രേഖ ടെണ്ടറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് മാനേജർ, തൃശ്ശൂർ ഡെയറി എന്ന പേരിൽ എടുത്ത് തൃശ്ശൂരിൽ മാറാവുന്നതായിരിക്കണം.

58. ടെണ്ടർ സംബന്ധിച്ച് പ്രീബീഡ് മീറ്റിംഗ് 24.07.2023 രാവിലെ 11.30am ഡെയറി കോൺഫറൻസ് ഹാളിൽ നടക്കുന്നതായിരിക്കും.

- ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തിയ്യതി 27.07.23 രാവിലെ 11.30വരെ
- ടെണ്ടർ ഫോം വില - 472 (GST ഉൾപ്പെടെ).
- ഇ.എം.ഡി അടക്കേണ്ട തിയ്യതി 27.07.2023 12PM വരെ.
- ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയ്യതി 27.07.2023 ഉച്ചക്ക് 1.30pm വരെ
- ടെണ്ടർ തുറക്കുന്ന തിയ്യതി ഉച്ചക്ക് 27.07.2023 2.30pm.
- സ്ഥലം : മിൽമ തൃശ്ശൂർ ഡെയറി രാമവർമപുരം.

മാനേജർ
തൃശ്ശൂർ ഡെയറി

ടെണ്ടറുടെപേര്:
ഒപ്പ്:

milma

എറണാകുളം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ക്ലിപ്തം-
തൃശ്ശൂർഡെയറി, രാമവർമ്മപുരം
(ഐ.എസ്.ഒ 9001:2008 സർട്ടിഫൈഡ് കമ്പനി)

## ടെണ്ടർ ഫോം

## മിൽമപാർലർ കം റെസ്റ്റോറന്റ് എം ജി റോഡ്, തൃശ്ശൂർ

| | |
|---|---|
| ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| വിലാസം | |
| മൊബൈൽ നമ്പർ | |
| ആധാർ നമ്പർ | |
| ബാങ്ക് ബ്രാഞ്ച് എകൗണ്ട് നമ്പർ | |
| മുൻകാല പരിചയം | |
| പാൻ നമ്പർ | |
| DD NO/EMD രസീത് നമ്പർ | |
| മാസ വാടക (GST ഉൾപ്പെടെ) | |

ഫോട്ടോ

ഒപ്പ് & പേര്

തിയ്യതി :

സ്ഥലം :

milma

എറണാകുളം മേഖല സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ക്ലിപ്തം-
തൃശ്ശൂർഡെയറി, രാമവർമ്മപുരം
(ഐ.എസ്.ഒ 9001:2008 സർട്ടിഫൈഡ് കമ്പനി)

---

No:RD/MKTG/DP/2023-24/880 24-07-2023

## CORRIGENDUM

2023 ജൂലൈ 12-ാം തിയ്യതിയിലെ ടെണ്ടർ നമ്പർNo:RD/MKTG/DP/2023-24/809 പ്രകാരം തൃശ്ശൂർ ഡെയറിയുടെ നിയന്ത്രണത്തിൽ വരുന്ന മിൽമ പാർലർ കം റെസ്റ്റോറന്റിന്റെ ടെണ്ടർ നിബന്ധനകളിൽ താഴെ പറയുന്ന വ്യക്തത വരുത്തുന്നു.

(1) മിൽമ പാർലർ കം റെസ്റ്റോറന്റിൽ വെജിറ്റേറിയൻ വിഭവങ്ങൾ മാത്രമേ വിപണനം നടത്തുവാൻ അനുവദിക്കുകയുള്ളൂ.

(2) ടെണ്ടർ തുറക്കുന്ന തിയ്യതി 28-07-2023 1.30pm ലേക്ക് ദീർഘിപ്പിച്ചി രിക്കുന്നു.

മാനേജർ
തൃശ്ശൂർ ഡെയറി